കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പേരാമ്പ്ര ഗ്രാമപഞ്ചായത്ത് - വിവാഹ ധനസഹായം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 2457/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 18.09.2018.

---

പരാമർശം : 1) പേരാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.07.2018-ലെ A4-560/2017-ാം നമ്പർ കത്ത്

2) സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018 ലെ 4.6(ii) നമ്പർ യോഗതീരുമാനം

## ഉത്തരവ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ദേവകി, വെള്ളിയോടൻകണ്ടി എന്ന ആളുടെ മകളുടെ വിവാഹം 23.03.2017-ൽ നടന്നുവെങ്കിലും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വിവാഹ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിഞ്ഞില്ല എന്നും കാലതാമസം വന്നത് ഒഴിവാക്കി ധനസഹായം നല്കുന്നതിന് അനുമതി നല്കണമെന്നും പരാമർശം (1) പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാന പ്രകാരം , ശ്രീമതി. ദേവകി, വെള്ളിയോടൻകണ്ടി എന്ന ആളുടെ മകളുടെ വിവാഹത്തിന് ധനസഹായം നല്കുന്നതിന് പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്, പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ